**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **11-09-2023 - ൽ മറുപടിയ്ക്ക്**

**വർണ്ണക്കൂടാരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പ്രീ-പ്രൈമറി രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള പഠനസൗകര്യം ഒരുക്കുന്നതിനായി വർണ്ണക്കൂടാരം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്താണെന്നും വ്യക്തമാക്കുമോ; സംസ്ഥാനത്തെ മുഴുവൻ പ്രീ-പ്രൈമറി സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രീ-പ്രൈമറി വിഭാഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കുട്ടികളുടെ ശാരീരിക മാനസിക ശേഷികൾ ബലപ്പെടുത്തുന്നതിനും വിവിധ തരത്തിലുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നത്. അതിൽ പ്രധാനപ്പെട്ട ഒരു ഇനമാണ് വർണ്ണക്കൂടാരം പദ്ധതി. സമഗ്ര ശിക്ഷ കേരളം, സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ വർണ്ണക്കൂടാരം പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള പഠനസൗകര്യവും ഒരുക്കുന്നു. കളികളിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കുകയും ചെയ്യുന്ന ശാസ്ത്രീയ പ്രീ സ്കൂൾ വിദ്യാഭ്യാസ രീതിയാണ് കേരളത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. അതനുസരിച്ച് കുട്ടികൾക്ക് സന്തോഷത്തോടെയും അവരുടെ അഭിരുചിക്ക് അനുസരിച്ചും കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിശാലവും ശിശു സൗഹൃദവുമായ പ്രവർത്തന ഇടങ്ങൾ ഒരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ സഹായിക്കുന്ന ഭാഷാ വികാസ ഇടം, ലഘു ശാസ്ത്ര പരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്ന യാത്രയിടം, തുടങ്ങി കുട്ടിയുടെ സർവതോന്മുഖ വികാസത്തിന് സഹായിക്കുന്ന 13 പ്രവർത്തന ഇടങ്ങൾ ആണ് ഓരോ സ്കൂളിലും സജ്ജമാക്കുന്നത്. അതോടൊപ്പം പ്രീ സ്കൂൾ കുട്ടികളുടെ ശാരീരിക മാനസികശേഷികൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ സമഗ്രമായ പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രീ പ്രൈമറി പാഠ്യപദ്ധതിയും പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | പരിഷ്കരണത്തിൽ പ്രീ സ്കൂൾ രംഗത്ത് ലോകവ്യാപകമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ചർച്ച ചെയ്ത് അതിനനുസൃതമായ പ്രവർത്തന പരിപാടികൾ വികസിപ്പിച്ചു വരുന്നു. വ്യത്യസ്ത രാജ്യങ്ങളിലെ പ്രീ സ്കൂൾ അനുഭവങ്ങൾ, സംസ്ഥാനത്ത് വിപുലമായി നടന്ന ജനകീയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും, ആദ്യകാല ശൈശവ പരിചരണങ്ങളും വികാസവും സംബന്ധിച്ച് രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രീ പ്രൈമറി പൊസിഷൻ പേപ്പർ (നിലപാട് രേഖ) തയ്യാറാക്കിയിട്ടുണ്ട്. ഈ പൊസിഷൻ പേപ്പറിനെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി - യുടെ നേതൃത്വത്തിൽ നടക്കുന്നു. വരയുത്സവം എന്ന പദ്ധതിയിലൂടെ പഠനബോധന തന്ത്രങ്ങളായ കഥകൾ, പാട്ടുകൾ, ചിത്രംവര, കളികൾ തുടങ്ങിയവ ക്ലാസ് മുറികളിൽ യാഥാർത്ഥ്യമാക്കുന്നതിന് പരിശീലനവും രക്ഷാകർത്താക്കൾക്കും സമൂഹത്തിനും അവബോധവും നൽകുന്നു.<br><br>ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അധ്യാപികമാരെ സഹായിക്കുന്ന താലോലം പ്രവർത്തന മൂലകളും എല്ലാ അംഗീകാരമുള്ള പ്രീ പ്രൈമറി സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ ഓരോ സ്കൂളിലും ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് 168 സ്കൂളുകളിൽ ശിശുസൗഹൃദ ഫർണിച്ചറുകൾ, കളി ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇത് തുടർന്നുള്ള വർഷങ്ങളിൽ 328 സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും ഭാഷാശേഷി ഉറപ്പാക്കുന്ന ഭാഷാ വികാസ ഇടങ്ങൾ സജ്ജമാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ വർഷം 44 കോടി രൂപ ചെലവഴിച്ച് 440 പ്രീ-പ്രൈമറി സ്കൂളുകളെ മാതൃകാസ്ഥാപനങ്ങൾ ആക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സിസ്റ്റമറ്റൈസേഷൻ ഓഫ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം എന്ന പദ്ധതിയിലൂടെ കുട്ടികളുടെ പരിചരണവും പരിപോഷണവും നടത്തുന്ന അധ്യാപകർക്കും ആയമാർക്കും ട്രെയിനിംഗും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വർഷംതോറും തെരഞ്ഞെടുക്കപ്പെടുന്ന പ്രീ-സ്കൂളുകൾക്ക് ധന സഹായവും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | കുട്ടികളുടെ ശാരീരിക-മാനസിക ശേഷികൾ | (ബി) | പ്രീ-പ്രൈമറി വിഭാഗത്തെ അന്താരാഷ്ട്ര |

ബലപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ പ്രീ-പ്രൈമറി മേഖലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; പ്രീ-പ്രൈമറി സ്കൂളുകളെ മാതൃകാ സ്കൂളുകളാക്കി മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കുട്ടികളുടെ ശാരീരിക മാനസിക ശേഷികൾ ബലപ്പെടുത്തുന്നതിനും വിവിധ തരത്തിലുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നത്. അതിൽ പ്രധാനപ്പെട്ട ഒരു ഇനമാണ് വർണ്ണക്കൂടാരം പദ്ധതി. സമഗ്ര ശിക്ഷ കേരളം, സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ വർണ്ണക്കൂടാരം പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള പഠനസൗകര്യവും ഒരുക്കുന്നു. കളികളിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്തുകയും ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കുകയും ചെയ്യുന്ന ശാസ്ത്രീയ പ്രീ സ്കൂൾ വിദ്യാഭ്യാസ രീതിയാണ് കേരളത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. അതനുസരിച്ച് കുട്ടികൾക്ക് സന്തോഷത്തോടെയും അവരുടെ അഭിരുചിക്ക് അനുസരിച്ചും കളികളിൽ ഏർപ്പെടാൻ കഴിയുന്ന വിശാലവും ശിശു സൗഹൃദവുമായ പ്രവർത്തന ഇടങ്ങൾ ഒരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. കൂടാതെ കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ സഹായിക്കുന്ന ഭാഷാ വികാസ ഇടം, ലഘു ശാസ്ത്ര പരീക്ഷണങ്ങൾക്കും നിരീക്ഷണത്തിനും അവസരം നൽകുന്ന യാത്രയിടം, തുടങ്ങി കുട്ടിയുടെ സർവതോന്മുഖ വികാസത്തിന് സഹായിക്കുന്ന 13 പ്രവർത്തന ഇടങ്ങൾ ആണ് ഓരോ സ്കൂളിലും സജ്ജമാക്കുന്നത്. അതോടൊപ്പം പ്രീ സ്കൂൾ കുട്ടികളുടെ ശാരീരിക മാനസികശേഷികൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ സമഗ്രമായ പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രീ പ്രൈമറി പാഠ്യപദ്ധതിയും പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ പരിഷ്കരണത്തിൽ പ്രീ സ്കൂൾ രംഗത്ത് ലോകവ്യാപകമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ചർച്ച ചെയ്ത് അതിനനുസൃതമായ പ്രവർത്തന പരിപാടികൾ വികസിപ്പിച്ച് വരുന്നു. വ്യത്യസ്ത രാജ്യങ്ങളിലെ പ്രീ സ്കൂൾ അനുഭവങ്ങൾ, സംസ്ഥാനത്ത് വിപുലമായി നടന്ന ജനകീയ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും, ആദ്യകാല ശൈശവ പരിചരണങ്ങളും വികാസവും സംബന്ധിച്ച് രൂപീകരിച്ച ഫോക്കസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രീ പ്രൈമറി പൊസിഷൻ പേപ്പർ (നിലപാട് രേഖ) തയ്യാറാക്കിയിട്ടുണ്ട്. ഈ പൊസിഷൻ പേപ്പറിനെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി - യുടെ നേതൃത്വത്തിൽ നടക്കുന്നു. വരയുത്സവം എന്ന പദ്ധതിയിലൂടെ

| | | | |
|---|---|---|---|
| | | | പഠനബോധന തന്ത്രങ്ങളായ കഥകൾ, പാട്ടുകൾ, ചിത്രംവര, കളികൾ തുടങ്ങിയവ ക്ലാസ് മുറികളിൽ യാഥാർത്ഥ്യമാക്കുന്നതിന് പരിശീലനവും രക്ഷാകർത്താക്കൾക്കും സമൂഹത്തിനും അവബോധവും നൽകുന്നു.<br><br>ശിശുവികാസ മേഖലകളിലെ ശേഷികൾ ഉറപ്പാക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അധ്യാപികമാരെ സഹായിക്കുന്ന താലോലം പ്രവർത്തന മൂലകളും എല്ലാ അംഗീകാരമുള്ള പ്രീ പ്രൈമറി സ്കൂളുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ ഓരോ സ്കൂളിലും ഒരു ലക്ഷം രൂപ വീതം ചെലവഴിച്ച് 168 സ്കൂളുകളിൽ ശിശുസൗഹൃദ ഫർണിച്ചറുകൾ, കളി ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഇത് തുടർന്നുള്ള വർഷങ്ങളിൽ 328 സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്. അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും ഭാഷാശേഷി ഉറപ്പാക്കുന്ന ഭാഷാ വികാസ ഇടങ്ങൾ സജ്ജമാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ വർഷം 44 കോടി രൂപ ചെലവഴിച്ച് 440 പ്രീ-പ്രൈമറി സ്കൂളുകളെ മാതൃകാസ്ഥാപനങ്ങൾ ആക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സിസ്റ്റമറ്റൈസേഷൻ ഓഫ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം എന്ന പദ്ധതിയിലൂടെ കുട്ടികളുടെ പരിചരണവും പരിപോഷണവും നടത്തുന്ന അധ്യാപകർക്കും ആയമാർക്കും ട്രെയിനിംഗും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വർഷംതോറും തെരഞ്ഞെടുക്കപ്പെടുന്ന പ്രീ-സ്കൂളുകൾക്ക് ധന സഹായവും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ